**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4011** **28-06-2024 - ൽ മറുപടിയ്ക്ക്**

**വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് വിദേശനിക്ഷേപം പ്രോത്സാഹിപ്പിയ്ക്കുന്നതിനായി സർക്കാർ നിരവധി പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രധാനമായും, സംസ്ഥാനത്തെ വ്യവസായ മേഖലയുടെ പുരോഗതിയ്ക്കും വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ "കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം" സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.<br><br>തദ്ദേശീയരായ നിക്ഷേപകരോടൊപ്പം വിദേശ സംരംഭകരെയും ആകർഷിക്കത്തക്ക രീതിയിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. 2019-ൽ "കേരള സൂക്ഷ്മ- ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ നിർവചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ |

ഏകീകൃതപരിശോധനാ സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.

100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപ സന്നദ്ധതയുമായി വരുന്ന വ്യവസായ സംരഭകരും സ്ഥാപനങ്ങളുമായി വ്യവസായ വകുപ്പ് മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി മുഖേന ഇതുവരെ 19 കമ്പനികൾ നിക്ഷേപത്തിന് തയ്യാറായിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുവാനും വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും വിവിധ പദ്ധതികൾ കെഎസ്.ഐ.ഡി.സി. നടപ്പിലാക്കിയിട്ടുണ്ട്. ഇവയെല്ലാംതന്നെ വിദേശ സംരഭകരെയും ആകർഷിക്കുന്നതിന് ഉതകുന്നവയാണ്.

നിക്ഷേപം ആകർഷിക്കാൻ യോഗങ്ങളും, കൂടിക്കാഴ്ചകളും നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ സംരംഭകർക്ക് സഹായവും പ്രോത്സാഹനവും നൽകുന്നതിന് ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നയപരവും, നിയമപരവുമായ മാറ്റങ്ങളെക്കുറിച്ച് സംരംഭകരുമായി പങ്കുവെയ്ക്കുന്നതിനും, സംസ്ഥാനത്തെ പുതിയ നിക്ഷേപ സൗഹൃദ പദ്ധതികളെപ്പറ്റിയും അവതരിപ്പിക്കുന്നതിന് ഇൻവെസ്റ്റർ മീറ്റുകളും സംഘടിപ്പിക്കുകയുണ്ടായി.

കിൻഫ്രയുടെ 31 വ്യവസായ പാർക്കുകളിലായി ഏകദേശം 1300 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 90% MSME യൂണിറ്റുകളാണ്. അതുകൂടാതെ മൾട്ടിനാഷണൽ കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 70,000 തൊഴിലവസരങ്ങളും 5000 കോടി രൂപയുടെ നിക്ഷേപവും സൃഷ്ടിക്കുവാൻ സാധിച്ചു. ഇത്തരം വ്യാവസായിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ കൂടുതൽ സംരംഭകർ വ്യവസായം ആരംഭിക്കുന്നതിനായി മുന്നോട്ടുവരികയും ചെയ്തിട്ടുണ്ട്. ഇതിലൂടെയും കൂടുതൽ നിക്ഷേപവും തൊഴിലവസരവും കേരളത്തിലേക്ക് കൊണ്ടുവരുവാനും കഴിഞ്ഞിട്ടുണ്ട്. മറ്റു നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ കൂടെ വിദേശനിക്ഷേവും പ്രോത്സാഹിപ്പിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ